# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 6075 | 07.07.2014 -ൽ മറുപടി നൽകേണ്ടത്

### ജനന മരണ രജിസ്ട്രേഷൻ

**ചോദ്യം**

**ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**

(എ) ജനന മരണ രജിസ്ട്രേഷൻ യഥാസമയം നടത്താൻ കഴിയാത്തവർക്ക് പ്രസ്തുത രജിസ്ട്രേഷൻ നടത്തുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

**ഉത്തരം**

**ഡോ. എം. കെ. മുനീർ**
**പഞ്ചായത്തും സാമൂഹ്യനീതിയും**
**വകുപ്പു മന്ത്രി**

(എ) ജനനം/മരണം നടന്ന് 30 ദിവസത്തിനകം റിപ്പോർട്ട് ചെയ്യാത്ത ജനനമരണങ്ങൾ ഒരു വർഷം വരെ ജില്ലാ രജിസ്ട്രാറുടെയും ഒരു വർഷത്തിനു ശേഷം സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെയും (ആർ. ഡി. ഒ) അനുമതിയോടെ മാത്രമെ രജിസ്റ്റർ ചെയ്യാൻ പാടുള്ളൂ. അതിനുള്ള നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.

I. ജനനം/മരണം നടന്ന് 30 ദിവസത്തിനു ശേഷം ഒരു വർഷം വരെ

a) ജനന റിപ്പോർട്ട്/മരണറിപ്പോർട്ട് - 2 കോപ്പി

b) നോട്ടറി പബ്ലിക്/സംസ്ഥാന സർക്കാർ സർവ്വീസിലെ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ സത്യവാങ് മൂലം

c) ജനനം/മരണം രജിസ്റ്റർ ചെയ്യാൻ വൈകിയതിന്റെ കാരണം കാണിക്കുന്ന അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ്)

d) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ജനന സ്ഥലം/താമസ സ്ഥലം/മരണസ്ഥലം സംബന്ധിച്ച തെളിവുകൾ

e) ലേറ്റ് ഫീ 5/ രൂപ (ജില്ലാ രജിസ്ട്രാറുടെ അനുമതി ലഭിച്ചതിനു ശേഷം)

II. ജനനം/മരണം നടന്ന് ഒരു വർഷത്തിനു ശേഷം സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ അനുമതിയ്ക്കായി അപേക്ഷ സമർപ്പിക്കുന്നുവെങ്കിൽ

a) ജനന റിപ്പോർട്ട്/മരണ റിപ്പോർട്ട് എല്ലാ കോളങ്ങളും പൂരിപ്പിച്ചത് 2 കോപ്പി

b) സത്യവാങ്മൂലം (ആർ.ഡി.ഒ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം)

c) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ജനന സമയത്തെ/മരണസമയത്തെ മേൽവിലാസം തെളിയിക്കുന്ന രേഖ (റേഷൻ കാർഡ്, സ്കൂൾ രേഖ, വോട്ടേഴ്സ് ലിസ്റ്റ് മുതലായവയിൽ ഏതിന്റെയെങ്കിലും സാക്ഷ്യപ്പെടുത്തിയ പകർപ്പ്), ജനന സ്ഥലം/മരണസ്ഥലം സംബന്ധിച്ച രേഖ

d) രജിസ്ട്രേഷൻ അനുവദിക്കണമെന്ന് ആവശ്യപ്പെടുന്നതും വൈകിയതിന്റെ കാരണം കാണിക്കുന്നതുമായ അപേക്ഷ (5/- രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം).

e) നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്

(ബി) ജനനം രജിസ്റ്റർ ചെയ്യുവാൻ വൈകിയാൽ പഞ്ചായത്തിൽ അപേക്ഷ നൽകി വില്ലേജ് ഓഫീസർ, തഹസിൽദാർ എന്നിവർ വഴി ആർ.ഡി.ഒ ക്ക് അപേക്ഷ നൽകി മാതാപിതാക്കളും സാക്ഷികളും ഹിയറിംഗിന് ഹാജരാകണം എന്ന വ്യവസ്ഥ നിലവിലുണ്ടോ ;

ജനനം രജിസ്റ്റർ ചെയ്യുവാൻ ഒരു വർഷത്തിനു ശേഷമുള്ള കേസുകളിലാണ് ആർ. ഡി. ഒ യുടെ അനുമതി ആവശ്യമായിട്ടുള്ളത്. ആർ. ഡി. ഒ നിഷ്കർഷിക്കുന്ന പ്രകാരമുള്ള രേഖകൾ ഇതിനായി സമർപ്പിക്കേണ്ടതായിട്ടുണ്ട്. തുടർന്ന് ആർ. ഡി. ഒ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ സംബന്ധിച്ച് സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കൂടിയായ ആർ. ഡി. ഒ ആണ് തീരുമാനിക്കുന്നത്.

(സി) മരണം യഥാസമയം രജിസ്റ്റർ ചെയ്യാത്തവരുടെ അവകാശ മുതൽ രജിസ്റ്റർ ചെയ്യുവാൻ മരണ സർട്ടിഫിക്കറ്റ് ആവശ്യമായതിനാൽ, ജനനമരണങ്ങൾ യഥാസമയം രജിസ്റ്റർ ചെയ്യുവാൻ കഴിയാത്തവർക്ക് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തന്നെ പിഴയടച്ച് രജിസ്റ്റർ ചെയ്യുന്നതിന് വേണ്ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

കേന്ദ്ര നിയമമായ 1969-ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ടിന്റെ 13(2), 13(3) വകുപ്പുകൾ പ്രകാരവും 1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങളിലെ ചട്ടം 11 പ്രകാരവും ജനനമരണങ്ങൾ യഥാസമയം രജിസ്റ്റർ ചെയ്യുവാൻ കഴിയാത്തവർക്ക് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തന്നെ പിഴയടച്ച് രജിസ്റ്റർ ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ നിയമത്തിൽ ഭേദഗതി വരുത്തുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

Vijeesh

സെക്ഷൻ ഓഫീസർ